"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ അങ്കമാലി നഗരസഭയിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിന് അധികമായി ചിലവായ തുക അങ്കമാലി നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി സി) വകുപ്പ്**

സ.ഉ.(സാധാ) നം.1993/2025/LSGD തീയതി,തിരുവനന്തപുരം, 12-08-2025

---

പരാമർശം:-

1. 19/02/2024 ലെ സ.ഉ(സാധാ)405/2024/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25.06.2025 ലെ LSGD/PD/13664/2025-DPLC2 നമ്പർ കത്ത്

**ഉത്തരവ്**

അങ്കമാലി നഗരസഭയിലെ വിവിധ വാർഡുകളിൽ കുടിവെള്ളക്ഷാമം രൂക്ഷമായതിനാൽ ടാങ്കർ ലോറിയിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി പ്രോജക്ട് നമ്പർ SO 103/25 പ്രകാരം പദ്ധതി ഏറ്റെടുക്കുകയും ഡി.പി.സി അംഗീകാരം ലഭിച്ചതു പ്രകാരം ഇ ടെണ്ടർ നടപടികൾ സ്വീകരിച്ച് അരീക്കൽ ട്രാൻസ്പോർട്ട്, അങ്കമാലി എന്ന സ്ഥാപനത്തിന് കരാർ നൽകുകയും 01.06.2024 മുതൽ 30.02.2025 വരെ കുടിവെള്ളവിതരണം നടത്തിയതിന് ആകെ 8,83,525/- രൂപ ചെലവ് വന്നിട്ടുണ്ടെന്നും നിലവിൽ ടി നഗരസഭയിൽ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ പദ്ധതി ഏറ്റെടുത്തിട്ടുള്ളതുമാണെന്നും മുൻ കാലങ്ങളിൽ അങ്കമാലി നഗരസഭയിൽ കുടിവെള്ള വിതരണത്തിനായി 2020 - 21 കാലയളവ് മുതൽ 31.03.2024 വരെ ചെലവായ തുക 21,66,724/- രൂപയും 01.04.2024 മുതൽ 31.05.2024 വരെ 1,87,128/- രൂപയും ചെലവഴിച്ചിട്ടുണ്ടെന്നും ആയതിൽ 01.06.2024 മുതൽ 28.02.2025 വരെ കുടിവെള്ളവിതരണം നടത്തിയതിന് ചെലവായ 8,83,525/-രൂപ, 2025-26 വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തി തനതുഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതിക്കായി വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്, ജി.പി.എസ്. രേഖകൾ, നഗരസഭ തീരുമാനങ്ങളുടെ പകർപ്പ് സഹിതം എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടർ അങ്കമാലി നഗരസഭ സെക്രട്ടറി എന്നിവർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അനുബന്ധ രേഖകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിൽ അധികമായി ചെലവായ 8,83,525/- രൂപ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള

അനുമതിക്കായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് .

(2) സർക്കാർ ഈക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശിത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, **2024** വർഷത്തിൽ അങ്കമാലി നഗരസഭയിൽ **01.06.2024** മുതൽ **28.02.2025** വരെ കുടിവെള്ള വിതരണത്തിന് സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചതിൽ അധികമായി ചിലവായ **8,83,525/-** രൂപ (എട്ടുലക്ഷത്തി എൺപത്തിമൂവായിരത്തി അഞ്ഞൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) ചിലവ് ആധികാരികത അങ്കമാലി നഗരസഭ സെക്രട്ടറി ഉറപ്പാകേണ്ടതാണെന്ന നിബന്ധനയോടെയും പരാമർശിത ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും തുക അങ്കമാലി നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

**പകർപ്പ്:**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, അങ്കമാലി നഗരസഭ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് 1/ആഡിറ്റ്2), കേരള,തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shaija B M
സെക്ഷൻ ഓഫീസർ
Date: 12-08-2025 10:41:56